"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ആസാദി കാ അമൃത് മഹോത്സവ് - ജില്ലാതല പ്രോഗ്രാം സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട ക്രമീകരണങ്ങൾ നടത്തിയതിന് സി-ഡിറ്റിന് 6,60,263/- രൂപ പി.എം.എ.വൈ.(ജി) അഡ്മിൻ ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഇ)വകുപ്പ്**

സ.ഉ.(സാധാ) നം.2561/2025/LSGD തീയതി,തിരുവനന്തപുരം, 23-10-2025

---

പരാമർശം:- 1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 19.08.2025, 15.07.2025 തീയതികളിലെ LSGD/PD/35292/2023- CSSA2 നമ്പർ കത്തുകൾ

**ഉത്തരവ്**

ആസാദി കാ അമൃത് മഹോത്സവത്തിന്റെ ഭാഗമായി 2022 മെയ് 31 ന് ബഹു. പ്രധാന മന്ത്രി, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഗുണഭോക്താക്കളുമായി ഓൺലൈൻ സംവാദം നടത്തുന്നതിനായി ജില്ലാതല പ്രോഗ്രാം സംഘടിപ്പിക്കുന്നതിന് കേരളത്തിൽ നിന്നും തിരുവനന്തപുരം ജില്ലയെ തിരഞ്ഞെടുക്കുകയും, ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ 26.05.2022 ന് ചേർന്ന യോഗത്തിൽ ക്രമീകരണങ്ങൾ നടത്തുന്നതിനായി തിരുവനന്തപുരം ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. പ്രസ്തുത പരിപാടിയുടെ ഭൗതിക സാങ്കേതിക സജ്ജീകരണങ്ങൾ നടത്തിയ ഇനത്തിൽ സി-ഡിറ്റിന് നൽകേണ്ട 6,60,263/- രൂപ അടിയന്തരമായി അനുവദിക്കണമെന്ന് സി-ഡിറ്റ് അഭ്യർത്ഥിച്ചിരിക്കുന്ന സാഹചര്യത്തിൽ, ടി തുക പി.എം.എ.വൈ.(ജി) അഡ്മിൻ ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശ കത്തുകൾ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആസാദി കാ അമൃത് മഹോത്സവത്തിന്റെ ഭാഗമായി 2022 മെയ് 31 ന് ബഹു. പ്രധാനമന്ത്രി, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഗുണഭോക്താക്കളുമായി ഓൺലൈൻ സംവാദം നടത്തുന്നതിന് ജില്ലാതല പ്രോഗ്രാം

സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട ക്രമീകരണങ്ങൾ നടത്തിയതിന് സി-ഡിറ്റിന് 6,60,263/- രൂപ (ആറ് ലക്ഷത്തി അറുപതിനായിരത്തി ഇരുനൂറ്റി അറുപത്തി മൂന്ന് രൂപ മാത്രം) പി.എം.എ.വൈ. (ജി) അഡ്മിൻ ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ /ഓഡിറ്റ്),കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (29.09.2025 ലെ ഇ:3223740 പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 23-10-2025 14:55:12
സെക്ഷൻ ഓഫീസർ